## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1969 08.12.2014-ൽ മറുപടിയ്ക്ക്

### കണ്ടം ചെയ്യേണ്ട സർക്കാർ വാഹനങ്ങൾ

| | ചോദ്യം<br>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഉടനീളം കണ്ടം ചെയ്യേണ്ട സർക്കാർ വാഹനങ്ങൾ ഓഫീസുകൾക്ക് മുന്നിൽക്കിടന്ന് നശിച്ചുകൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; എങ്കിൽ അവ ലേലം ചെയ്യുന്നതിൽ ഉണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ; | (എ) യും (ബി) യും | സംസ്ഥാനത്ത് ചിലയിടങ്ങളിൽ കണ്ടം ചെയ്യേണ്ട സർക്കാർ വാഹനങ്ങൾ ഓഫീസുകൾക്ക് മുന്നിൽക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടിക്രമങ്ങളിലുണ്ടാകുന്ന കാലതാമസം മൂലമാണ് കണ്ടം ചെയ്യേണ്ട വാഹനങ്ങളുടെ ലേല നടപടികൾ വൈകുന്നത്. |
| (ബി) | ഓരോ വകുപ്പിന്റെയും കീഴിൽ കണ്ടം ചെയ്യാൻ മാറ്റിയിട്ടിട്ടുള്ള എത്ര വാഹനങ്ങൾ വീതമുണ്ടെന്നതിന്റെ കണക്ക് വെളിപ്പെടുത്തുമോ ; | | |
| (സി) | ഇക്കാര്യത്തിൽ സാങ്കേതിക തടസ്സമുണ്ടെങ്കിൽ അവ നീക്കി സമയബന്ധിതമായി ലേലം ചെയ്തു സർക്കാരിലേക്ക് മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കുമോ ? | (സി) | സർക്കാർ വാഹനങ്ങൾ കണ്ടം ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വകുപ്പുതലങ്ങളിൽ നിന്ന് സമയബന്ധിതമായി പൂർത്തിയാക്കി അതതു ഭരണ വകുപ്പുകൾക്ക് കൈമാറുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി യഥാസമയം വാഹനങ്ങൾ കണ്ടം ചെയ്യുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ